പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 221 | 19.06.2013-ൽ മറുപടിയ്ക്ക്

# ഡെങ്കിപ്പനിമൂലമുള്ള മരണനിരക്ക് വർദ്ധിക്കാൻ കാരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. പി.റ്റി.എ. റഹിം<br>ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഡെങ്കിപ്പനിമൂലമുള്ള മരണനിരക്ക് വർദ്ധിക്കാൻ കാരണം ക്ലിനിക്കൽ മിസ് മാനേജ്മെന്റാണെന്ന വിദഗ്ധാഭിപ്രായം പരിഗണിച്ചിട്ടുണ്ടോ;<br><br>(ബി) നഗരങ്ങൾക്ക് പുറത്തുള്ള ആശുപത്രികളിൽ വിശേഷിച്ച് സ്വകാര്യ ആശുപത്രികളിൽ ഡെങ്കിപ്പനി മൂലമുള്ള മരണനിരക്ക് അധികമാണെന്ന കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ)&(ബി) ഡെങ്കിപ്പനിമൂലമുള്ള മരണം പല കാരണങ്ങളാൽ സംഭവിക്കാം എന്ന് WHO മാർഗ്ഗരേഖ ചൂണ്ടിക്കാട്ടുന്നുണ്ട്. അവയിൽ ഒരു കാരണം ക്ലിനിക്കൽ മിസ് മാനേജ്മെന്റും ആകാം എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. സ്വകാര്യ-സർക്കാർ ആശുപത്രികൾ രോഗം മൂർച്ഛിച്ച് കഴിയുമ്പോൾ മെഡിക്കൽ കോളേജുകളിലെത്തിക്കുകയും ചിലപ്പോൾ മരണം അവിടെവച്ച് സംഭവിക്കുകയുമാണ് സാധാരണ സംഭവിക്കുക എന്നതിനാൽ സർക്കാർ/സ്വകാര്യ ആശുപത്രികൾ തിരിച്ച് കണക്കെടുത്തിട്ടില്ല. |
| (സി) ഈ പ്രശ്നം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ? | (സി) ക്ലിനിക്കൽ മിസ് മാനേജ്മെന്റ് ഒഴിവാക്കുന്നതിനായി WHO protocol അനുസരിച്ച് ചികിത്സാ മാർഗ്ഗരേഖ തയ്യാറാക്കുകയും അതിന്മേൽ സർക്കാർ/സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ വിദഗ്ധ ഡോക്ടർമാരാണ് ജില്ലാ മെഡിക്കൽ ഓഫീസ് വഴി സർക്കാർ/ സ്വകാര്യ ഡോക്ടർമാർക്ക് ഡെങ്കിപനി ചികിത്സയിൽ പരിശീലനം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ